# ദൈവവചനം ഗ്രഹിക്കണം

## മർക്കോസ് 4:13

"പിന്നെ അവൻ അവരോടു പറഞ്ഞത് ഈ ഉപമ ഗ്രഹിക്കുന്നില്ലയോ."

നമുക്കേവർക്കും സുപരിചിതമായ വിത്തിന്റെ അഥവാ വിതയ്ക്കുന്നവന്റെ ഉപമ കർത്താവ് തന്റെ ശിഷ്യന്മാർക്ക് വ്യാഖ്യാനിക്കുന്നതിനുമുമ്പ് പറയുന്ന വേദഭാഗം. വചന പഠനങ്ങൾക്കും, പ്രസംഗങ്ങൾക്കും യാതൊരു കുറവുമില്ലാത്ത കാലത്താണ് നാം ജീവിക്കുന്നത്. പണ്ട് വചനം കേൾക്കണമെങ്കിൽ കിലോമീറ്ററുകൾ നടക്കുകയും, വാഹനങ്ങൾ കയറുകയും, ഇറങ്ങുകയും ചെയ്യണമായിരുന്നെങ്കിൽ ഇന്ന് വിരൽതുമ്പിൽ പ്രസംഗങ്ങൾ ലഭ്യമാകുന്നു. കൂടാതെ ആഴ്ചതോറും സഭയിൽ, കൂടാതെ മാധ്യമങ്ങളിലൂടെയും വചനം സുലഭമായി ലഭിക്കുന്നു. ഇത്രയൊക്കെ സമൃദ്ധിയുടെ നടുവിൽ ആയിരുന്നിട്ടും ഇന്ന് ദൈവജനത്തിന് ഒരു ശക്തിയില്ല, ജീവനില്ല, സമൂഹത്തിൽ ഒരു ഉണർവില്ല. മാനസാന്തരവും വേണ്ടവണ്ണം ഉണ്ടാകുന്നില്ല. ഇതിനു കാരണം, നിശ്ചയമായും വചനം കേൾക്കാത്തതുകൊണ്ടല്ല മറിച്ച് കേൾക്കുന്ന വചനം ഗ്രഹിക്കാത്തതുകൊണ്ടു മാത്രമാകുന്നു. കർത്താവായ യേശുക്രിസ്തു അതുകൊണ്ടാണ് ഈ വിലയേറിയ ഉപമ മനസ്സിലാക്കി കൊടുക്കുന്നതിനു മുമ്പായി അത് ഗ്രഹിക്കുവാനും ഏറ്റെടുക്കുവാനും ആഹ്വാനം നൽകിയത്.

കർത്താവ് പറഞ്ഞ ഉപമയിൽ നമുക്കറിയാം നാല് കൂട്ടം ജനം, അഥവാ നാലു രീതിയിലുള്ള ഗ്രഹണശേഷിയും, സ്വീകാര്യതയും കാണിക്കുന്നു. വിതയ്ക്കുന്നവൻ കർത്താവായ യേശുക്രിസ്തു, ദൈവവചനം വിത്ത്. പിന്നീട് വിതയ്ക്കുന്ന നാല് തലങ്ങൾ. ഒന്നാമതായി വഴിയരികെ വീഴുന്ന വിത്ത്; കേട്ടു എങ്കിലും ഉടനെ സാത്താൻ ഹൃദയത്തിൽ നിന്നും എടുത്തു കളയുന്നു. രണ്ടാമതായി പാറസ്ഥലത്ത് വീഴുന്നവ; സന്തോഷത്തോടെ വചനം കൈക്കൊള്ളുന്നുണ്ടെങ്കിലും ഉള്ളിൽ വേരില്ലാതെ ക്ഷണികന്മാരായി, ഉപദ്രവമോ, പീഢയോ ഉണ്ടായാൽ ഇടറിപ്പോകുന്നു. മൂന്നാമതായി മുള്ളിനിടയിൽ വീഴുന്നവ ഇഹലോക ചിന്തകളും, ധനത്തിന്റെ വഞ്ചനയും, മറ്റു മോഹങ്ങളും ഞെരുക്കി നിഷ്ഫലമാകുന്ന അനുഭവത്തെ കുറിക്കുന്നു. നാലാമതായി നാം ആയിത്തീരേണ്ട വിതയുടെ തലം ഏതെന്നു കാണിക്കുന്ന നല്ല നിലത്തുവീണ്, ഫലം പുറപ്പെടുവിക്കുന്ന വിത്തിലൂടെ പ്രതിപാദിക്കുന്നു.

നാം ആദ്യം കണ്ടതുപോലെ വചനം കേൾക്കുന്നില്ല, ലഭിക്കുന്നില്ല എന്നതല്ല കേട്ടതിനെ എത്ര സ്വീകാര്യതയോടെ ഏറ്റെടുക്കുന്നു എന്നതാണ് വിഷയം. Colo. 3:16 ൽ പറയുന്നു 'ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ

നിങ്ങളിൽ വസിക്കട്ടെ'. അതേ, ഈ ഒരു തലത്തിലേക്ക് നമ്മെ വിട്ടുകൊടുത്ത് അതിനായി ഒരുക്കിയെങ്കിലേ വചനം ജീവനും ശക്തിയുമായി നമ്മുടെ ജീവിതത്തിൽ ആയിത്തീരുകയുള്ളൂ. സകല പരിജ്ഞാനത്തിലും അത് ഗ്രഹിക്കണം, വസിക്കണം. നല്ല നിലത്തു വീണതുപോലെ കേൾക്കണം, അംഗീകരിക്കണം, അനുസരിക്കണം. ജീവിതത്തിന്റെ ശുദ്ധീകരണത്തിനും, ഫലം പുറപ്പെടുവിക്കലിനും അവ ഉതകുന്നു.

കൃപായുഗത്തിൽ വചനത്തിന്റെ സമൃദ്ധിയുമായി നാം ജീവിക്കുമ്പോൾ, കേൾക്കുന്ന വചനം, ഉപദേശിക്കുന്ന വചനം, ചിന്തിക്കുന്ന വചനം, പ്രബോധിപ്പിക്കുന്ന വചനം ഒക്കെയും കർത്താവിന് ഹിതപ്രകാരമുള്ള ഫലപൂർത്തീകരണത്തിലേക്ക് നയിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. കേൾക്കുവാനും പഠിക്കുവാനും സാഹചര്യങ്ങൾ നിരവധി എങ്കിലും അവ എത്രയധികമായി ഉപയോഗപ്പെടുത്തുണ്ടെന്ന് ശോധന ചെയ്യാം. നമ്മുടെ ജീവിതമാകുന്ന നിലങ്ങളെ നന്നായി ഉഴുതുമറിച്ച് വിതയ്ക്കപ്പെടുന്ന വിത്തിനെ സ്വീകരിക്കാൻ അഥവാ പൂർണ്ണമായി ഗ്രഹിക്കാൻ വിട്ടുകൊടുക്കാം. അല്ലെങ്കിൽ പറവകൾ വന്ന് അവ തിന്നുകളയും. എല്ലാ കല്ലുകളെയും മുള്ളുകളെയും പൂർണ്ണമായി നീക്കി വിതയ്ക്കുന്ന വചനം ആഴത്തിലേയ്ക്ക് വേരൂന്നി ഇറങ്ങിവരാൻ ഇടയാകണമേ എന്ന് പ്രാർത്ഥിക്കാം. ഫലത്തിന്റെ വളർച്ചയെ ഏതു സാഹചര്യവും പ്രതികൂലമാക്കിത്തീർക്കാൻ ഇടയായെന്നുവരും. എന്നാൽ കർത്താവിലുള്ള അടിയുറച്ച വിശ്വാസത്തിലും ആശ്രയത്തിലും ദൈവവചനത്തിന്റെ ഉറപ്പിലും ശക്തിയിലും വിശുദ്ധിയിലും കർത്താവിനോടു ചേർന്ന് ജീവിക്കാൻ ഇടയാകട്ടെ. ആകയാൽ ഒരു ചോദ്യം നമ്മോടുതന്നെ ചോദിക്കാം. "കേൾക്കുന്നത് ഗ്രഹിക്കുന്നുവോ."

പരാമർശം :

സങ്കീർത്തനം 119:38

നിന്നോടുള്ള ഭക്തിയെ വർദ്ധിപ്പിക്കുന്നതായ നിന്റെ വചനത്തെ അടിയന്നു നിവർത്തിക്കേണമേ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 115